# വ്യക്തിഗതയിടവും അംബേദ്കറും

**Siyar Manuraj**
Associate Professor of Economics
K.K.T.M. Government College
Pullut -Kodungallur
Kerala - 680 663
E-mail: simanuraj@gmail.com

**സംഗ്രഹം**

അംബേദ്കർ എഴുതിയ ആത്മകഥാംശം കലർന്ന കുറിപ്പാണ് 'വിസയ്ക്കായി കാത്തിരിക്കുന്നു' എന്നത്. എങ്ങനെയാണ് താനൊരു ജാതിശരീരം മാത്രമായി സാമൂഹ്യ വിനിമയങ്ങളിൽ പരിഗണിക്കപ്പെട്ടതെന്നാണ് ഈ കുറിപ്പിലൂടെ അംബേദ്കർ പറയാൻ ശ്രമിക്കുന്നത്. വിദേശികളായ വായനക്കാരെ ഉദ്ധേശിച്ചാണ് ഈ കുറിപ്പ് അദ്ദേഹം എഴുതിയത്. അംബേദ്കർ അനുഭവിച്ച ജാതീയമായ അസ്പൃശ്യതയെ വ്യക്തിഗതയിടം (Personal Space) എന്ന ആശയത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുകയാണ് ഈ ലേഖനം. ജനാധിപത്യ ചട്ടക്കൂട്ടിലുള്ള നിയമവാഴ്ച്ചയ്ക്കുള്ളിൽ എങ്ങനെയാണ് ജാതി വ്യവസ്ഥയും അസ്പൃശ്യതയും വ്യക്തിഗത ഇടവും പരസ്പരബന്ധിതമായി നിൽക്കുന്നതെന്ന് അംബേദ്കറുടെ "വിസയ്ക്കായി കാത്തിരിക്കുന്നു" എന്ന കുറിപ്പിനെ ആധാരമാക്കി വിശദീകരിക്കുകയാണ് ഈ ലേഖനം. ജാതിവ്യവസ്ഥയും അസ്പൃശ്യതയും സനാതനവും ദൈവീകവുമല്ലെന്നും, നിലവിലുള്ളതും സവിശേഷവുമായ ഒരധികാര വ്യവസ്ഥയിൽ മാത്രം പ്രകടിതമാവുന്ന സാമൂഹ്യ സാംസ്കാരിക അവസ്ഥകൾ മാത്രമാണ് അവയെന്നാണ് ലേഖനം പറയാൻ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ:** വ്യക്തിഗത ഇടം, ജാതിവ്യവസ്ഥ, അസ്പൃശ്യത, പെഴ്സൻഹുഡ്.

 ISSN: 2582 - 2594

**ആമുഖം**

ഡോക്ടർ ബി ആർ അംബേദ്കറുടെ എഴുത്തുകൾ പതിനായിരക്കണക്കിന് പേജുകളിലായി വ്യാപിച്ചുകിടക്കുന്ന ഒരു സാഹിത്യ അത്ഭുതമാണ് (Jadhav, 2015)[1]. ജനാധിപത്യത്തിനും ബഹുസ്വരതയ്ക്കും പ്രാധാന്യം കൊടുക്കുന്ന ഏതൊരു വ്യക്തിക്കും പുതിയ അർത്ഥങ്ങളും ഉൾക്കാഴ്ചകളും കണ്ടെത്താൻ കഴിയുന്ന ഒന്നാണ് അംബേദ്കർ സാഹിത്യം. ഇത്രയൊക്കെ എഴുതിയ അംബേദ്കർ സ്വന്തം കഥ എഴുതിയില്ല എന്നത് വായനക്കാർക്ക് ഒരു തീരാനഷ്ടം തന്നെയാണ്. മഹാത്മാ ഗാന്ധി[2] "എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്ന ആത്മകഥ എഴുതിയതുപോലെ "My Experiments with untouchability" എന്നൊരു ആത്മകഥ അംബേദ്കർ എഴുതിയിരുന്നുവെങ്കിൽ ഒരുപക്ഷെ അത് സനാതന ഭാരതീയ സംസ്കാരത്തിന്റെ ആന്റി തീസിസ് ആകുമായിരുന്നു. ഫ്രഞ്ച് തത്വചിന്തകനായ ഫൂക്കോയുടെ[3] കണ്ണിൽ ഉണ്മ എന്നൊന്നില്ല. ഒന്നിനെയും അതാക്കി നിലനിർത്തുന്ന, ഒരിക്കലും മാറ്റമില്ലാത്ത, "സനാതനമായ" ഒന്നുമില്ല എന്നാണ് ഫൂക്കോ പറയുന്നത്. ഏതൊന്നും അതായി മാറുന്നത് ഒരു പ്രത്യേക അധികാരവ്യവസ്ഥയുടെ തണലിലും സംരക്ഷണയിലുമാണ് എന്നതാണ് ഫൂക്കോയുടെ സിദ്ധാന്തം. ഫൂക്കോയുടെ ചിന്തകളെ പിൻപറ്റിയാൽ അംബേദ്കർ അനുഭവിച്ച അസ്പൃശ്യതയെന്നത് അദ്ദേഹത്തിന് ജനിതകമായി കിട്ടിയതോ, അദ്ദേഹം ഏത് സാഹചര്യത്തിലും അനുഭവിക്കാൻ ബാധ്യസ്ഥമായതോ ആയ ഒന്നല്ല മറിച്ച് സവിശേഷമായ ഒരു സാമൂഹ്യാധികാര സംവിധാനത്തിനകത്ത് ഉണ്ടാക്കി പരിപാലിക്കുന്ന ഒരു സാമൂഹ്യനിയന്ത്രണ ചട്ടക്കൂട്ടിൽ മാത്രം നിലനിൽക്കുന്ന ഒന്നാണത്. അംബേദ്കർ അനുഭവിച്ച, അദ്ദേഹത്തിന്റെ പിൻതലമുറകൾ ഇന്നും അനുഭവിക്കുന്ന അസ്പൃശ്യതയെന്നത് ജന്മം കൊണ്ട് അവർ അനുഭവിക്കേണ്ട ഒന്നല്ല എന്നാണ് ഫൂക്കോയുടെ അധികാര സിദ്ധാന്തത്തിൽ നിന്നും നമുക്ക് അനുമാനിക്കാൻ കഴിയുന്നത്. ഫൂക്കോയുടെ ആശയത്തെ ജന്റർ സൈദ്ധാന്തികയായ സിമോൻ ബുവേയുടെ[4] ലോകപ്രസിദ്ധ നിരീക്ഷണമായ "ഒരാൾ സ്ത്രീയായി ജനിക്കുകയല്ല; മറിച്ച് സ്ത്രീയായിത്തീരുകയാണ്" എന്നതിലേക്ക് അസ്പൃശ്യതയെ ചേർത്തുവെച്ചാൽ നമുക്ക് ലഭിക്കുക അംബേദ്കർ ഒരു അസ്പൃശ്യനായി ജനിക്കുകയായിരുന്നില്ല മറിച്ച് അദ്ദേഹത്തെ സനാതന ഹിന്ദു മൂല്യവ്യവസ്ഥ അസ്പൃശ്യനാക്കുകയായിരുന്നുവെന്നാണ്. ആഴത്തിലും പരപ്പിലുമുള്ള ഒരു സാമ്പ്രദായിക ആത്മകഥ എഴുതിയില്ലെങ്കിലും ആത്മകഥാംശം കലർന്ന ഒരു ചെറുകുറിപ്പ് അംബേദ്കർ എഴുതിയിട്ടുണ്ട്. അതിന്റെ പേരാണ് വിസയ്ക്കായുള്ള കാത്തിരിപ്പ്[5] (Waiting for visa). ഈ ചെറു കുറിപ്പിനെ ആധാരമാക്കി വ്യക്തിഗത ഇടം (Personal Space) എന്ന ആശയത്തെ വിശദീകരിക്കാനാണ് ഈ ലേഖനം ശ്രമിക്കുന്നത്.

**വ്യക്തിഗത ഇടമെന്ന ആശയം**

എന്താണ് വ്യക്തിഗത ഇടം (Personal Space) എന്ന് സാമാന്യമായി വിശദീകരിച്ചതിനു ശേഷം നമുക്ക് ടെക്സ്റ്റിലേക്ക് പ്രവേശിക്കാം. ഒരു മനുഷ്യനെ സംബന്ധിച്ച് അയാളുടെ ഏറ്റവും സ്വകാര്യമായ, വ്യക്തിപരമായി അയാൾക്ക് ഏറ്റവും മൂല്യവത്തായത് അയാൾ തന്നെയാണ്; അയാളുടെ ശരീരമാണ്; അയാളുടെ ശരീരംകൊണ്ട് അയാൾക്ക് സാധ്യമാകുന്ന, അയാൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ഒരു ജീവിതം നയിക്കാനുള്ള അവകാശം അയാൾക്കുണ്ടാകേ

ണ്ടതാണ്. വ്യക്തിയുടെ സ്വാതന്ത്ര്യമെന്ന ഈ അടിസ്ഥാന നിലപാടിലാണ് ആധുനിക ജനാധിപത്യം നിലനിൽക്കുന്നത്. വ്യക്തിഗത ഇടമെന്നത് അക്കാദമിക്കായി മന:ശാസ്ത്രത്തിലാണ് ഉടലെടുക്കുന്നത്. രണ്ടു വ്യക്തികൾ അപരിചിതർ ആണെങ്കിൽ അവർക്കിടയിലെ സ്വകാര്യത ഉറപ്പിക്കുന്നതിനായി അവർക്കിടയിൽ നിശ്ചിതമായ ഒരു ഭൗതിക അകലം ഉണ്ടായിരിക്കണമെന്ന് അവർ കരുതും. ഒരു വ്യക്തിക്ക് ഏറ്റവും സ്വാഭാവികമായി അപരിചിതനായ മറ്റൊരു വ്യക്തിയുമായി സംസാരിക്കണമെങ്കിൽ അവർക്കിടയിൽ എത്രമാത്രം ഭൗതികമായ അകലം ആവശ്യമാണ് എന്നതാണ് ഒരാളുടെ വ്യക്തിഗത ഇടമായി മനശ്ശാസ്ത്രം കരുതുന്നത്. ആ അകലത്തിനുള്ളിൽ അയാൾ സുരക്ഷിതത്വവും സൗഖ്യവും അനുഭവിക്കുന്നു. ആ അകലത്തിനുള്ളിൽ അയാൾക്ക് പേടിയോ ജാള്യതയോ അപമാനമോ തോന്നുന്നില്ല. നമുക്ക് അപരിചിതരായ ആളുകൾ ഒരു പരിധിക്ക് അപ്പുറത്തേക്ക് നമ്മളിലേക്ക് ചേർന്നുനിൽക്കുന്നത് മിക്കവർക്കും അസ്വസ്ഥതയുണ്ടാക്കുന്ന ഒരു കാര്യമാണല്ലോ. ഭാര്യക്കും ഭർത്താവിനും ഇടയിൽ, കാമുകനും കാമുകിക്കും ഇടയിൽ ഈ സ്ഥലത്തിന്റെ ഒരു വിടവില്ലാതെതന്നെ വിനിമയങ്ങൾ നടക്കുന്നു. എന്നാൽ രണ്ടപരിചിതർക്കിടയിൽ തീർച്ചയായും ഭൗതികമായ ഒരകലം ഉണ്ടാവുമല്ലോ. മനശ്ശാസ്ത്രത്തിനകത്തെ ഭൗതികഅകലത്തിന് സാമൂഹ്യശാസ്ത്രങ്ങളുടെ വിശാലമായ ലോകത്തിലേക്ക് എത്തുമ്പോൾ ആശയത്തിലും പ്രയോഗത്തിലും പരിണാമം സംഭവിക്കുന്നു. ഈ അകലത്തെ നിശ്ചയിക്കുന്നതിൽ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും മാനസികവുമായ നിരവധി ഘടകങ്ങൾ ഉണ്ട്. ചരിത്രപരമായി നോക്കിയാൽ അടിമയും ഉടമയും തമ്മിലും മുതലാളിയും തൊഴിലാളിയും തമ്മിലുമുള്ള വിനിമയത്തിൽ അവർക്കിടയിലെ വർഗ്ഗവ്യത്യാസം നിർണ്ണായകമായ ഒരു ഘടകമാണ്. ജാതിവ്യവസ്ഥയ്ക്കകത്ത് രണ്ടു ജാതികൾക്കിടയിൽ എത്രത്തോളം സമൂഹ്യവിനിമയങ്ങൾ ആവാമെന്നതിൽ അസ്പൃശ്യതയും അയിത്തവും മുഖ്യ പങ്കുവഹിക്കുന്നത് ഓർക്കുമല്ലോ. വ്യക്തിഗതയിടമെന്നത് മനഃശാസ്ത്രത്തിൽ രണ്ടു വ്യക്തികൾക്കിടയിൽ അവർ ഉഭയസമ്മതത്തോടെ നിലനിർത്തുന്ന ഭൗതീകമായ അകലമാണ്. എന്നാൽ ഈ ആശയത്തെ സാമൂഹ്യശാസ്ത്രങ്ങളുടെ വിനിമയ പരിപ്രേക്ഷ്യത്തിനകത്തേക്ക് പ്രതിഷ്ഠിക്കുമ്പോൾ കേവലം ഭൗതികമായ അകലം എന്നതിനപ്പുറം അത്തരമൊരു അകലം നിലനിർത്താനുള്ള ഒരാളുടെ അവകാശം (Right), സ്വാതന്ത്ര്യം (Freedom), ശേഷി (Capability); അത്തരം അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ എത്രത്തോളം അയാൾക്കതിനെ പ്രതിരോധിക്കാൻ കഴിയുന്നു; സ്വന്തം ശരീരത്തെ, ചിന്തകളെ, നിലപാടുകളെ എത്രത്തോളം താൻ ആഗ്രഹിക്കുന്ന ഒരു ജീവിതത്തിനായി അയാൾക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നു എന്നൊക്കെയുള്ള ആഴത്തിലുള്ള അന്വേഷണങ്ങൾ അതിന്റെ ഭാഗമായി വരുന്നു.

ഒരു വ്യക്തി എന്ന നിലയിൽ നമ്മൾ നിരന്തരം നമുക്ക് ചുറ്റുമുള്ള ആളുകളോട് പലതരത്തിൽ ബന്ധപ്പെടുന്നു. നമ്മൾ ഈ ഭൂമിയിൽ സർവ്വതന്ത്ര സ്വതന്ത്രർ ആയൊന്നുമല്ല ജീവിക്കുന്നത്. ഭരണകൂടത്തിന്റെ, സമൂഹത്തിന്റെ, കുടുംബത്തിന്റെ, അയൽപക്കത്തിന്റെ ഒക്കെ സ്വാധീനത്തിലും നിയന്ത്രണത്തിലുമാണ് നമ്മൾ ജീവിക്കുന്നത്. അതായത് പലതരത്തിലുള്ള അധികാര പ്രയോഗങ്ങളെ നമുക്ക് നേരിടേണ്ടി വരും. സാമൂഹ്യമായ നിയന്ത്രണം ഒരു സാമൂഹികക്രമം ഉണ്ടാക്കാനും അതുവഴി എല്ലാവരുടേയും ജീവിതങ്ങളെ ക്ഷേമത്തിലേക്ക് നയിക്കാനും ആവശ്യമാണ് എന്ന് റൂസോയെ[6] പോലുള്ള ഹോബ്സിനെ[7] പോലുള്ള ചിന്തകർ


ISSN: 2582 - 2594

അവകാശപ്പെട്ടിരുന്നു. അധികാരങ്ങളും അവകാശങ്ങളും സമൂഹത്തിൽ ഒരിക്കലും തുല്യമായി വിതരണം ചെയ്യപ്പെടില്ല എന്നത് എല്ലാവർക്കും അനുഭവവേദ്യമായ ഒരു കാര്യമാണല്ലോ. നിത്യജീവിതത്തിൽ നമ്മൾ അധികാരം പ്രയോഗിക്കുകയും സ്വയം മറ്റുള്ളവരുടെ അധികാര പ്രയോഗങ്ങൾക്ക് വിധേയരാവുകയും ചെയ്യുന്നു. മറ്റുള്ളവരുടെ അധികാരപ്രയോഗങ്ങൾ നിയമവാഴ്ചയുടെ പരിധിക്കപ്പുറത്തേക്ക് പോകുമ്പോൾ, അത്തരം അതിലംഘനങ്ങൾ വ്യക്തിയുടെ അവകാശങ്ങളെ അവസരങ്ങളെ ജീവിക്കാനുള്ള സ്വാതന്ത്ര്യങ്ങളെ കവരുമ്പോൾ അല്ലെങ്കിൽ തടസ്സപ്പെടുത്തുമ്പോൾ അതിനെ എത്രമാത്രം അയാൾക്ക് പ്രതിരോധിക്കാൻ കഴിയുന്നു എന്നതാണ് അയാളുടെ വ്യക്തിഗത ഇടത്തെ നിർണ്ണയിക്കുന്നത്. സാമ്പത്തിക ശാസ്ത്ര വീക്ഷണത്തിൽ നോക്കുമ്പോൾ ഒരാൾ ലക്ഷ്യമിടുന്ന ഒരു ജീവിതത്തിലേക്ക് എത്താൻ ഒരാൾക്ക് എത്രത്തോളം കഴിയുന്നുവോ അത്രത്തോളം അയാളുടെ വ്യക്തിഗത ഇടവും വികസിക്കും. എത്രത്തോളം കഴിയാതിരിക്കുന്നുവോ അത്രത്തോളം അയാളുടെ വ്യക്തിഗത ഇടം ചുരുങ്ങും. മനുഷ്യവികസനത്തിന്റെ ഒരു അളവു മാതൃകയായി വ്യക്തിഗത ഇടമെന്ന ആശയത്തെ സ്വീകരിക്കുമ്പോൾ അത് വ്യക്തിയുടെ തികച്ചും ആത്മനിഷ്ഠമായ അനുഭവങ്ങളോ കാഴ്ചപ്പാടുകളോ മാത്രമായി ചുരുക്കാൻ കഴിയില്ല. വികസനം എന്നത് സ്വാതന്ത്ര്യങ്ങളുടെ സംഘാതമാണ് എന്ന് അമർത്യ സെൻ[8] പറയുമ്പോൾ (Development is freedom), ആത്മസാക്ഷാത്കാരത്തിന്റെ (Self-Actualization) പരകോടിയിലാണ് മനുഷ്യർ എത്തിച്ചേരാൻ ആഗ്രഹിക്കുന്നതെന്ന് അബ്രഹാം മാസ്ലോ പറയുമ്പോൾ അവരെല്ലാം മറ്റുള്ളവരുടെ അനാവശ്യമായ നിയന്ത്രണങ്ങളിൽ നിന്നും വിമോചിതമായ ഒരു വ്യക്തിഗത ഇടമെന്ന ആശയത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. എത്രത്തോളം ഒരു സ്വതന്ത്രവ്യക്തിയായി മനുഷ്യാസ്തിത്വം (Personhood) ആർജ്ജിക്കാൻ ഒരാൾക്ക് കഴിയുന്നു എന്നതാണ് വ്യക്തിഗത ഇടമെന്ന ആശയത്തിന്റെ കാതൽ. ഒരാൾക്ക് വ്യക്തിഗതമായ ഇടങ്ങൾ ഉണ്ടാവുക എന്നത് മനുഷ്യാന്തസ്സ് ആർജ്ജിക്കാനുള്ള ഒഴിവാക്കാനാവാത്ത മുന്നുപാധിയാണ്. മനുഷ്യാന്തസ്സ് ഉണ്ടാകുമ്പോഴാണ് പൂർണ്ണമായ അർത്ഥത്തിൽ ആളുകൾ വ്യക്തിസ്വത്വം (Personhood) ഉള്ളവരാകുന്നത്. വ്യക്തിഗതയിടം, മനുഷ്യാന്തസ്സ് തുടങ്ങിയ ആശയങ്ങൾ എങ്ങനെയാണ് അംബേദ്കറുടെ "വിസയ്ക്കായി കാത്തിരിക്കുന്നു" എന്ന പുസ്തകത്തിൽ പ്രകടിതമാകുന്നത് എന്ന് നോക്കാം.

## വ്യക്തിഗത ഇടവും മനുഷ്യാന്തസ്സും (Personal space and Human Dignity)

ഇന്ത്യൻ ജാതിവ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രത്യേകതയാണ് ജാതികളുടെ പരമ്പരാഗത തൊഴിലുകളെന്നത്. ഓരോ ജാതിക്കും അവരുടേതായ ഒരു തൊഴിൽ കൂടിയുണ്ടാകും. എല്ലാ ജാതിക്കാരും അവരവർക്ക് പറഞ്ഞിട്ടുള്ള തൊഴിലുകൾ മടികൂടാതെ ചെയ്യുക; അതിനുള്ള പ്രതിഫലം എന്താണോ അത് കൈപ്പറ്റുക; പാരമ്പര്യമായി അതുതന്നെ ചെയ്യുക. ഇതാണ് ഇന്ത്യൻ ജാതിവ്യവസ്ഥയുടെ ക്ലാസ്സിക്ക് സ്വഭാവം. മഹാത്മാഗാന്ധിയുടെ വീക്ഷണത്തിൽ ജാതിയും വർണ്ണവും സമൂഹത്തിന്റെ ക്ഷേമത്തിനും മനുഷ്യർക്കിടയിൽ സഹവർത്തിത്വം ഉണ്ടാക്കാനും ഏറ്റവും അനുയോജ്യമായ കാര്യങ്ങളായിരുന്നു. ജാതിവ്യവസ്ഥയിൽ നിന്നും അയിത്തവും അസ്പൃശ്യതയും നീക്കിയാൽ ബാക്കിനിൽക്കുന്നത് എല്ലാവർക്കും ഗുണകരമായ സാമൂഹ്യ തൊഴിൽവിഭജനമാണ് എന്ന ചിന്തയായിരുന്നു മഹാത്മാ ഗാന്ധിക്ക് ഉണ്ടായിരുന്നത് (Gandhi, 1947)[9]. ഒരാളും അയാളുടെ ജാതിക്ക് നിശ്ചയിച്ചിട്ടുള്ള തൊഴിലുകൾക്ക് വെളിയിൽ

പോകരുത് എന്ന നിലപാടാണ് ഗാന്ധിക്കുണ്ടായിരുന്നത്. എന്നാൽ ജാതി എന്നത് തൊഴിലുകളുടെ മാത്രം വിഭജനമല്ല അത് മനുഷ്യരുടെ, തൊഴിലാളികളുടെ കൂടി വിഭജനമാണ് എന്ന നിലപാടാണ് അംബേദ്കർക്ക് ഉണ്ടായിരുന്നത്. അസ്പൃശ്യതയേയും അയിത്തത്തേയും മുൻനിർത്തി ജാതിവ്യവസ്ഥ മനുഷ്യാന്തസിനെ ഇല്ലാതാക്കുന്ന ഒരു സാമൂഹ്യതിന്മയാണെന്നായിരുന്നു അംബേദ്കറുടെ നിലപാട്. ആളുകളെ സാമൂഹ്യമായും സാമ്പത്തികമായും പിന്നോട്ടടിപ്പിക്കുന്ന ഒന്നായാണ് അംബേദ്കർ ജാതിയെക്കണ്ടത്. ജാതിയിൽ ഗുണകരമായ യാതൊന്നും ഇല്ലെന്ന നിലപാടാണ് അദ്ദേഹത്തിനുണ്ടായിരുന്നത്.

അംബേദ്കറുടെ ജാതിയോടുള്ള ഈ കാഴ്ചപ്പാടിലാണ് അദ്ദേഹം ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തെ കണ്ടത്. ഗാന്ധി അടക്കമുള്ള ആളുകൾ ബ്രിട്ടീഷ് ഭരണത്തെ ഇന്ത്യക്കാരുടെ അവകാശങ്ങളെ കവരുന്ന ഒന്നായി കണ്ടപ്പോൾ അംബേദ്കർ ബ്രിട്ടീഷ് ഭരണത്തെ കീഴാള ജാതികൾക്ക് അവസരവും അവകാശങ്ങളും അധികാരങ്ങളും നൽകുന്നതെന്ന വീക്ഷണത്തിലാണ് സമീപിച്ചത്. വിസയ്ക്കായി കാത്തിരിക്കുന്നു എന്ന കുറിപ്പിന്റെ തുടക്കത്തിൽ തന്നെ അംബേദ്കർ സൂചിപ്പിക്കുന്ന ഒരു കാര്യം ബ്രിട്ടീഷുകാർ തങ്ങളുടെ ബോംബെ റജിമെന്റ് (അംബേദ്കറുടെ ജാതിയുടെ പേരായിരുന്ന മഹർ എന്നത്) തുടങ്ങിയ ആദ്യനാളുകളിൽ തന്നെ അദ്ദേഹത്തിന്റെ പിതാമഹന്മാർ ബ്രിട്ടീഷ് ആർമിയിൽ ചേർന്നിരുന്നു എന്നാണ്. തുടക്കത്തിൽ ബ്രിട്ടീഷുകാരുടെ ബോംബെ ആർമിയുടെ നാലിൽ ഒന്നും മഹർ ജാതിക്കാർ ആയിരുന്നു (Gopal, 2023)[10]. അംബേദ്കറുടെ പിതാവും പട്ടാളക്കാരനായിരുന്നു. ജാതിയെ നിലനിർത്തുന്ന ജാതിതൊഴിലുകളുടെ മേലുള്ള അമിതമായ അശ്രിതത്വത്തിൽ നിന്നും അംബേദ്കറുടെ പിതാമഹന്മാർക്ക് രക്ഷപെടാനുള്ള വലിയൊരു അവസരമാണ് ബ്രിട്ടീഷ് ആർമിയിലെ തൊഴിലുകൾ തുറന്നുകൊടുത്തത്. ഒരാൾക്ക് ഭൗതികമായി അതിജീവിക്കാൻ അയാളുടെ ജാതിക്ക് മാറ്റിവെച്ച തൊഴിലുകൾ നിർബന്ധമായി ചെയ്യേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ തീർച്ചയായും അതിനൊപ്പം അയാൾ അയിത്തവും അസ്പൃശ്യതയും അനുഭവിക്കേണ്ടിവരും. ജാതിജന്യമായ തൊഴിലിടങ്ങൾക്ക് പുറത്തേക്ക് പോകാനുള്ള കീഴാളജാതികളുടെ തടസവും അത്തരം ജാതിബാഹ്യ തൊഴിലിടങ്ങളുടെ അഭാവവുമാണ് ജാതിവ്യവസ്ഥയെ നൂറ്റാണ്ടുകൾ ഇന്ത്യയിൽ നിലനിർത്തിയത് എന്നായിരുന്നു അംബേദ്കർ മുന്നോട്ടുവെച്ച വാദഗതി. ജാതിവ്യവസ്ഥയ്ക്ക് എന്തോ മേന്മയുണ്ടെന്നും അതിന് അതീന്ദ്രിയമായ ശക്തിയുണ്ടെന്നുമൊക്കെയുള്ള അധീശ ജാതിവാദങ്ങൾ കെട്ടുകഥകൾ മാത്രമാണ് എന്നായിരുന്നു അംബേദ്കറുടെ നിലപാട്. അയിത്തവും അസ്പൃശ്യതയും പാലിക്കുന്നത് തങ്ങൾക്ക് ഗുണകരമായതിനാലാണ് ഇന്നും അധീശവർഗ്ഗങ്ങൾ ജാതിയെന്ന തിന്മ തുടരുന്നത് എന്നതായിരുന്നു അംബേദ്കറുടെ ഉറച്ചബോധ്യം. മഹർ ജാതിയിലെ നിരവധി ആളുകൾ ബ്രിട്ടീഷ് ആർമിയിൽ ചേർന്നപ്പോൾ അവർക്ക് താമസിക്കാൻ വീടും അവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസവും ലഭിച്ചു തുടങ്ങി. പട്ടാളത്തിലെ ഉന്നത പദവികളിലേക്ക് വളർന്ന മഹർ മനുഷ്യരെ ഉയർന്നജാതിക്കാരായ പട്ടാളത്തിലെ കീഴ്ജീവനക്കാർക്ക് പരസ്യമായി ബഹുമാനിക്കേണ്ട സാഹചര്യം ഉണ്ടായി. ഗ്രാമങ്ങളിൽ ഉയർന്ന ജാതിക്കാരുടെ ആട്ടും തുപ്പും സഹിച്ചു ജീവിച്ച ഒരു ഭൂതകാലത്തെ പുറകോട്ട് തള്ളിമാറ്റി സ്വാതന്ത്ര്യത്തിന്റെ, തുല്യതയുടെ, അവകാശങ്ങളുടെ, അധികാരങ്ങളുടെ ഒരു പുതിയ ലോകം മഹറുകൾ ബ്രിട്ടീഷ് കന്റോൺമെന്റ് നഗരങ്ങളിൽ അനുഭവിക്കാൻ തുടങ്ങി.


ISSN: 2582 - 2594

മനുഷ്യാന്തസിലേക്കുള്ള അസ്പൃശ്യരുടെ ആദ്യകാൽച്ചുവട് ജാതീയമായ തൊഴിലുകളുടെ വൃത്തികെട്ട ഇടങ്ങളിൽ നിന്നുള്ള വിമോചനമാണെന്നാണ് അംബേദ്കർ ഇവിടെ സൂചിപ്പിക്കുന്നത്. ചത്ത മൃഗങ്ങളെ മറവ് ചെയ്യുക, അവയുടെ മാംസം കഴിക്കുക, വേശ്യാവൃത്തിയിൽ ഏർപ്പെടുക തുടങ്ങിയവയിൽ നിന്നും നിർബന്ധമായും മാറിനിൽക്കണം എന്ന് തന്റെ അനുയായികളോട് അംബേദ്കർ നിരന്തരം ഉപദേശിക്കുമായിരുന്നു. തൊഴിലും ജാതിയും തമ്മിൽ ബന്ധിപ്പിക്കുന്ന സാമൂഹ്യാവസ്ഥയെ മറികടക്കുകയെന്നത് ജാതിയെ മറികടക്കുന്നതിന്റെ ആദ്യപടിയായിട്ടാണ് അംബേദ്കർ കണ്ടെത്തിയത്. അംബേദ്കറുടെ ആദ്യകാല ജീവിതത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടം തീർച്ചയായും അദ്ദേഹത്തിന്റെ വിസയ്ക്കായി കാത്തിരിക്കുന്നു എന്ന കുറിപ്പിനെ കൂടുതൽ ആഴത്തിൽ വിശകലനം ചെയ്യാൻ നമ്മളെ പ്രാപ്തരാക്കും.

1893 ൽ അംബേദ്കറുടെ പിതാവ് പട്ടാളത്തിൽ നിന്നും വിരമിച്ചു. രാംജിയും കുടുംബവും കുറച്ചുനാൾ ദപ്പോളിയിൽ താമസിച്ചിരുന്നു. ദപ്പോളിക്ക് ഒരു പ്രത്യേകത ഉണ്ടായിരുന്നു. മഹർ റെജിമെന്റിൽ നിന്നും വിരമിച്ച പട്ടാളക്കാർ തങ്ങളുടെ മാതൃഗ്രാമങ്ങളിലേക്ക് പോകാതെ എല്ലാവരും ചേർന്ന് സ്ഥലം വാങ്ങി ഒരു മഹർ ആർമി മെൻ റെസിഡെൻഷ്യൽ ഏരിയ ആയി വികസിപ്പിച്ച സ്ഥലമായിരുന്നു ദപ്പോളി. ഹിന്ദു ഗ്രാമങ്ങൾക്കകത്ത് പോയി അടിമയെ പോലെ കഴിയാതിരിക്കാനാണ് അവർ അങ്ങനെ ചെയ്തത്. ഹിന്ദു ഗ്രാമങ്ങൾക്ക് വെളിയിൽ അവകാശങ്ങളും അധികാരങ്ങളും വിഭവങ്ങളും ഇല്ലാതെ ജീവിക്കാൻ വിധിക്കപ്പെട്ട ഒരു ഭൂതകാലത്തെ മാറ്റിയെഴുതാനാണ് ദപ്പോളിയിലൂടെ മഹർ പട്ടാളക്കാർ ശ്രമിച്ചത്. വിഭവങ്ങൾ (Resources) എങ്ങനെയാണ് ആളുകളുടെ വ്യക്തിഗത ഇടങ്ങളെ വികസിപ്പിക്കുന്നതെന്ന് ദപ്പോളി മഹർ ഹൗസിംഗ് കോളനി വ്യക്തമാക്കുന്നു. എന്നാൽ അധികം കാലം അവിടെ തുടരാൻ രാംജിക്ക് കഴിഞ്ഞില്ല. പട്ടാളത്തിൽ നിന്നും വിരമിച്ചുവെങ്കിലും രാംജിയുടെ ജോലിയിലുള്ള മിടുക്കും ആത്മാർഥതയും മുൻനിർത്തി അദ്ദേഹത്തെ സത്താറയിലെ മിലിറ്ററി ബാരക്ക് സ്റ്റോർകീപ്പറായി നിയമിക്കാൻ അധികാരികൾ തയ്യാറായി. ദപ്പോളിയിൽ നിന്നും ഏതാണ്ട് 200 കിലോമീറ്റർ അകലെയുള്ള സ്ഥലമായിരുന്നു സത്താറ. അവിടെവെച്ചാണ് അംബേദ്കറുടെ അമ്മ മരണപ്പെടുന്നത്. ഏത് പ്രതിസന്ധികളേയും നേരിടാൻ മടിയില്ലാത്ത സ്ത്രീയായിരുന്നു അംബേദ്കറുടെ അമ്മ. ഒരു പട്ടാളക്കാരന്റെ മകളായിരുന്നു അവർ. അവരുടെ അച്ഛന്റെ ആറ് സഹോദരന്മാരും പട്ടാളത്തിൽ ആയിരുന്നു. അംബേദ്കറുടെ അപ്പൂപ്പനും ഒരു പട്ടാളക്കാരൻ ആയിരുന്നു. അമ്മ വഴിക്കും അച്ഛൻ വഴിക്കും അംബേദ്കറുടേത് ഒരു പട്ടാളകുടുംബം ആയിരുന്നു. ബ്രിട്ടീഷ് പട്ടാളവുമായുള്ള ബന്ധം മഹാരാഷ്ട്രയിലെ മഹർ ജനതയുടെ സാമൂഹ്യ സാമ്പത്തിക ചലനാത്മകതയെ ത്വരിതപ്പെടുത്തിയ ഘടകമായിരുന്നു.

രാംജി മകനെ സത്താറ പ്രൈമറി സ്കൂളിൽ ചേർത്തു. അംബേദ്കർ അയിത്ത ജാതിക്കാരൻ ആയതിനാൽ അദ്ദേഹത്തിന് ക്ലാസ്സിനകത്ത് മറ്റ് കുട്ടികൾക്കൊപ്പം ബെഞ്ചിൽ ഇരിക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ആദ്യകാലത്ത് അസ്പൃശ്യജാതികൾക്ക് സ്കൂളിൽ പ്രവേശനം അനുവദിച്ചിരുന്നില്ല. ബ്രിട്ടീഷുകാരാണ് അയിത്തജാതികളെ സ്കൂളിൽ പ്രവേശിപ്പിക്കാനുള്ള തീരുമാനമെടുത്തത്. എന്നാൽ ഹിന്ദുക്കൾ അയിത്തജാതി കുട്ടികളെ സ്കൂളിൽ പ്രവേശിപ്പിക്കാൻ സമ്മതിച്ചിരുന്നില്ല. ഏതെങ്കിലും ഇംഗ്ലിഷ് ഹെഡ്മാസ്റ്റർ അയിത്തജാതി കുട്ടികളെ പ്രവേശിപ്പിക്കാൻ നോക്കിയാൽ ഹിന്ദുക്കൾ അവരുടെ കുട്ടികളെ സ്കൂളിൽ നിന്നും പിൻവലിക്കുമായിരുന്നു.

മഹർ റെജിമെന്റിൽ നിന്നും പെൻഷൻ പറ്റിയ പട്ടാളക്കാരാണ് സർക്കാരിലേക്ക് നിരന്തരം അപേക്ഷകളയച്ച് ഒടുവിൽ ക്ലാസ്സിന് വെളിയിലിരുന്ന പഠിക്കാൻ അയിത്തജാതി കുട്ടികൾക്ക് അവസരം വാങ്ങിക്കൊടുത്തത്. എന്നാൽ പുരോഗമനചിന്തയുള്ള ചില ബ്രിട്ടീഷുകാരുടെ പിന്തുണയോടെ ക്ലാസിനകത്ത് കയറാൻ പിന്നീട് അയിത്തജാതികൾക്ക് അനുവാദം കിട്ടി. എന്നാൽ മറ്റ് കുട്ടികൾക്കൊപ്പം ബെഞ്ചിൽ ഇരിക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. എല്ലാവർക്കും പുറകിലായി ഒരു കീറ ചാക്കിലിരുന്ന് പഠിക്കാൻ മാത്രമേ അക്കാലത്ത് അയിത്തജാതികൾക്ക് കഴിഞ്ഞിരുന്നുള്ളൂ. പഞ്ചമിയുടെ കയ്യും പിടിച്ച് ഊരൂട്ടമ്പലം സ്കൂളിന്റെ കവാടം കടന്ന് അകത്തേക്ക് നടന്നുകയറിയ അയ്യങ്കാളിയെ ഓർമ്മ വരുന്നില്ലേ. അംബേദ്കറും സഹോദരൻ ആനന്ദ്റാവുവും ക്ളാസ്സിൽ ഏറ്റവും പുറകിൽ ഒരു പഴയ കീറ ചാക്കിലിരുന്നാണ് തങ്ങളുടെ ആദ്യാക്ഷരവും ആദ്യ പാഠങ്ങളും പഠിച്ചത്. തങ്ങൾക്കും സ്കൂളിൽ പഠിക്കാനുള്ള അവസരം വേണമെന്ന് പറയാനുള്ള ഒരവകാശം ബ്രിട്ടീഷ് ഭരണത്തിൽ മഹർ ജനത നേടുകയായിരുന്നു. വിദ്യാഭ്യാസം നേടാനുള്ള ജാതീയമായ വിലക്കുകളെ മറികടക്കാനുള്ള സാഹചര്യം ബ്രിട്ടീഷ് ഭരണകാലത്ത് ഉണ്ടായിവരികയായിരുന്നു. ഈ മാറ്റം അതുവരെ അവർക്ക് അന്യമായിരുന്ന സ്കൂളുകൾ അവർക്ക് പ്രാപ്തമാക്കുന്നു. ഈ മാറ്റം മഹറുകളുടെ വ്യക്തിഗതയിടത്തെ വികസിപ്പിക്കുന്നതായി നമുക്ക് കാണാം. അദ്ധ്യാപകർ പഠിപ്പിക്കുന്ന പാഠങ്ങൾ എല്ലാം തന്നെ കൃത്യമായി കേൾക്കുകയും അന്നന്ന് രാത്രിതന്നെ അവയൊക്കെ ഹൃദിസ്ഥമാക്കുകയും ചെയ്യുന്നതിൽ ചേട്ടൻ ആനന്ദ് മടി കാണിച്ചുവെങ്കിലും അംബേദ്കർ മടി കാണിച്ചിരുന്നില്ല. രാംജി എന്താണോ മനസ്സിൽ ആഗ്രഹിച്ചിരുന്നത് അതേ പോലെ തന്നെ അംബേദ്കർ മിടുക്കനായി പഠിച്ചുകൊണ്ടിരുന്നു. പഠിക്കാനായി അംബേദ്കർ പറയുന്ന ഏത് കാര്യവും അദ്ദേഹം സാധിച്ചു കൊടുക്കുമായിരുന്നു. തന്റെ മരണം വരെ രാംജി യാതൊരു മുടക്കവും കൂടാതെ അംബേദ്കറെ പഠിപ്പിക്കാൻ ശ്രമിച്ചിരുന്നു. തന്റെ ബുദ്ധിമുട്ടുകൾ ഭീമിന്റെ പഠനത്തെ ബാധിക്കരുതെന്ന വാശി അദ്ദേഹത്തിനുണ്ടായിരുന്നു. താൻ ആഗ്രഹിക്കുന്ന രീതിയിലെ മകനെ വളർത്തിയെടുക്കാൻ ആ പിതാവിന് കഴിയുന്നത് ജാതി ഇടങ്ങൾക്ക് വെളിയിൽ അദ്ദേഹം നേടിയ സാമൂഹ്യ സാമ്പത്തിക ചലനാത്മകതയാണ്.

വീട്ടിലെ ഒറ്റമുറിയിൽ ഭീമിന്റെ പഠനം തടസ്സപ്പെടരുത് എന്ന ലക്ഷ്യത്തോടെ എല്ലായ്പ്പോഴും അവന് പഠിക്കാനായി വേണ്ട സൗകര്യങ്ങൾ ഒരുക്കാൻ രാംജിയടക്കം ആരും മടി കാണിച്ചിരുന്നില്ല. ലോകം മുഴുവൻ ഉറങ്ങുമ്പോൾ ആ ഒറ്റമുറിയുടെ മൂലയിൽ മിന്നാമിനുങ്ങിനെ പോലെ കത്തിനിന്ന എണ്ണ വിളക്കിൻ വെളിച്ചത്തിൽ പാഠങ്ങൾ വായിക്കുന്ന അതേ ഭീമിനെ തന്നെയാണ് വർഷങ്ങൾക്ക് ശേഷം അംബേദ്കറുടെ അഭിമുഖം എടുക്കാൻ പാതിരാത്രിയിൽ വന്ന ബീ ബി സി ക്യാമറാ യൂണിറ്റും കണ്ടത്. എന്റെ ജനത്തിന് സുഖമായി ഉറങ്ങാനാണ് ഞാൻ ഉറക്കമിളച്ചിരിക്കുന്നതെന്ന് പാതിമാത്രം കളിയായി അംബേദ്കർ അവരോട് പറഞ്ഞു. വായനയോടുള്ള ആർത്തി, ഉത്തരം തേടി കണ്ടെത്താനുള്ള അഭിപ്രേരണയൊക്കെ അംബേദ്കറിൽ ഉറയ്ക്കുന്നത് ഒറ്റമുറിവീട്ടിൽ താമസിച്ച ആ കാലത്താണ്. രാത്രി രണ്ടുമണിവരെ ഉറങ്ങാതെ മെല്ലെ കബീർ കീർത്തനവും ചൊല്ലി, രണ്ടുമണി ആകുമ്പോൾ അംബേദ്കറെ വിളിച്ചുണർത്തി, ഒരു മസാല ചായയും കൊടുത്ത് പഠിക്കാൻ വിട്ടിട്ടുമാത്രം ഉറങ്ങാൻ പോകുന്ന അദ്ദേഹത്തിന്റെ പിതാവ് രാംജി മാലോജി സക്പാലിന്റെ നിശ്ചയദാർഢ്യവും കഠിനാധ്വാനവും തന്നെയാണ്


ISSN: 2582 - 2594

ഇന്ന് ലോകമറിയുന്ന അംബേദ്കറെ ഉണ്ടാക്കിയ അടിത്തറ. പത്രം വായിക്കണമെന്നും അതിൽ നിന്നും കുറിപ്പുകൾ എഴുതി വൈകിട്ട് ജോലികഴിഞ്ഞു വരുമ്പോൾ തന്നെ കാണിക്കണമെന്നും അച്ഛൻ അംബേദ്കറെ നിർബന്ധിച്ചിരുന്നു. പഠനകാലം മുഴുവനും അംബേദ്കർ ഈ ശീലം തുടർന്നിരുന്നു. പുസ്തകങ്ങളിലേക്ക് ആഴത്തിൽ പ്രവേശിക്കാനും അതിനുള്ളിൽ നിന്നും ആരും കാണാത്ത അറിവുകളെ കണ്ടെത്തിക്കൊണ്ടുവരാനുമുള്ള അംബേദ്കറുടെ അത്ഭുതകരമായ കഴിവുകളുടെയടിത്തറ അച്ഛൻ കുട്ടിക്കാലത്തിൽ അദ്ദേഹത്തിൽ പരിശീലിപ്പിച്ച നോട്ടുകുറിക്കൽ തന്നെയാണ്. കഴിയുന്നത്ര ആളുകളിൽ നിന്നും പുസ്തകങ്ങൾ വാങ്ങി വായിക്കുകയെന്ന ശീലവും അംബേദ്കറിൽ കുട്ടിക്കാലത്ത് തന്നെ ഉറച്ചിരുന്നു. പിൽക്കാലത്ത് അദ്ദേഹം ജോലിയുള്ള അനുയായികളോട് പറയുമായിരുന്ന സ്വന്തം ശമ്പളത്തിൽ പത്ത് ശതമാനം എല്ലാമാസവും പുസ്തകം വാങ്ങാൻ ചെലവഴിക്കണമെന്ന്. അംബേദ്കറെ രൂപപ്പെടുത്തിയതിൽ ആ ഒറ്റമുറിവീട്ടിൽ അച്ഛനൊരുക്കിക്കൊടുത്ത ചെറിയ ഒരിടത്തിനുള്ള പ്രാധാന്യം നമ്മൾ തിരിച്ചറിയണം. ഒരു കുടുംബത്തിനാവശ്യമായ സൗകര്യങ്ങളുള്ള ഒരു വീട് അവർക്കുണ്ടാകണം (Adequate Housing) എന്നത് വ്യക്തിഗത ഇടങ്ങളേയും മനുഷ്യരുടെ അന്തസ്സിനേയും നിർണ്ണയിക്കുന്ന പ്രധാനഘടകമാണ്.

കുട്ടിക്കാലത്തുതന്നെ അംബേദ്കറിൽ ഉറച്ച മറ്റൊരു സ്വഭാവ സവിശേഷതയായിരുന്നു "ഒരു കാര്യം സാധിക്കണമെന്ന് വിചാരിച്ചാൽ എത്ര ബുദ്ധിമുട്ട് സഹിച്ചാലും അത് നേടിയെടുക്കുകയെന്നത്. വളരെ ചെറുതായിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിൽ ഈ ശീലം ഉണ്ടായിരുന്നു. പ്രതിബന്ധങ്ങളെ തട്ടിനീക്കുക എന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിരുന്നു . കുട്ടിക്കാലത്ത് അംബേദ്കറും സഹോദരൻ ആനന്ദ്റാവുവും ഒരിക്കലൊരു റെയിൽവേ സ്റ്റേഷനിൽ കുടുങ്ങിപ്പോയ ഒരു സംഭവം ഈ കൃതിയിൽ അംബേദ്കർ വിവരിക്കുന്നുണ്ട്. തങ്ങളെ കൂട്ടാൻ വരാമെന്നുപറഞ്ഞ അച്ഛനെ കാണാതെ വിഷമിച്ച കുട്ടികളെ ആദ്യം സഹായിക്കാൻ സ്റ്റേഷൻ മാസ്റ്റർ തയ്യാറായെങ്കിലും കുട്ടികൾ മഹർ ജാതിക്കാരാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അദ്ദേഹം പിന്മാറി. എന്നാൽ അംബേദ്കർ തന്റെ സ്വതസിദ്ധമായ വാക്ചാതുരിയുപയോഗിച്ച്, ഇരട്ടി കൂലി നൽകാമെന്ന പ്രലോഭനത്തിൽ സ്റ്റേഷനിലെ ഒരു കാളവണ്ടിക്കാരന്റെ സവാരി ഉറപ്പിച്ചു. വണ്ടിക്കാരന്റെ ജാതി അശുദ്ധമായി പോകാതിരിക്കാൻ അംബേദ്കർ തന്നെ വണ്ടി ഓടിക്കാമെന്നും സമ്മതിച്ചു. പിൽക്കാലത്ത് അമേരിക്കൻ പഠനകാലത്ത് അംബേദ്കർ പ്രൊഫസറായ ജോൺ ഡ്യൂയിയിൽ നിന്നും പഠിച്ച പ്രായോഗികതാ വാദം കുട്ടിക്കാലത്തിൽ തന്നെ അംബേദ്കറിൽ ഉണ്ടായിരുന്നു എന്നാണ് ഈ കാളവണ്ടിക്കഥ സൂചിപ്പിക്കുന്നത്. ചാക്കിലിരുന്നു പഠിച്ചാലും പഠിക്കുകതന്നെ ചെയ്യും എന്ന കാണിച്ചുകൊടുത്ത അംബേദ്കർ തന്നെയാണ് വളർന്നു വലുതായപ്പോൾ" എന്നെ വിളക്കുകാലിൽ കെട്ടിത്തൂക്കിയാലും മിസ്റ്റർ ഗാന്ധി ഞാൻ നിങ്ങളെ എതിർക്കുക തന്നെ ചെയ്യും എന്നുപറഞ്ഞ അംബേദ്കർ. വ്യക്തിത്വവികാസമെന്നത് വ്യക്തിഗത ഇടങ്ങളുടെ വികാസം കൂടിയാണ്.

അംബേദ്കർ തുടരുന്നു "ഞങ്ങളുടെ വീട്ടിലെ തുണികൾ കഴുകിക്കൊണ്ടിരുന്നത് എന്റെ സഹോദരിമാർ ആയിരുന്നു. അവർ തന്നെയാണ് എന്റെയും സഹോദരന്റെയും തലമുടി വെട്ടിത്തന്നതും. ഞങ്ങളുടെ അടുത്ത് ദോബിമാരും ബാർബർമാരും ഇല്ലാത്തതുകൊണ്ടായിരുന്നില്ല; അവർക്ക് കൊടുക്കാൻ ഞങ്ങളുടെ കയ്യിൽ പൈസ ഇല്ലാത്തതുകൊണ്ടും ആയിരുന്നില്ല ഞങ്ങ

ൾക്ക് ഇങ്ങനെ ചെയ്യേണ്ടിവന്നത്. മറിച്ച് ജാതി അയിത്തം ഒന്നുകൊണ്ടു മാത്രമായിരുന്നു". അമർത്യ സെൻ അദ്ദേഹത്തിന്റെ Capability Approach വികസിപ്പിച്ചത് വ്യക്തിഗതമോ കുടുംബത്തിന്റെയൊ വരുമാനം അവരുടെ ക്ഷേമത്തെ പ്രതിഫലിപ്പിക്കുന്ന ഒന്നാവണമെന്നില്ല എന്ന സങ്കൽപ്പനത്തിൽ ആയിരുന്നു. ഒരാളുടെ ക്രയശേഷി അയാളുടെ ക്ഷേമത്തെ ഉയർത്തും എന്നുറപ്പിക്കാൻ കഴിയില്ല എന്നാണ് അമർത്യ സെൻ പറഞ്ഞത്. അംബേദ്കറും അത്തരമൊരു സാഹചര്യത്തെയാണ് വിസയ്ക്കായി കാത്തിരിക്കുന്നു എന്ന പുസ്തകത്തിലൂടെ ചൂണ്ടിക്കാണിച്ചത്. ഡോബിക്കും ബാർബർക്കും കൊടുക്കാനുള്ള പണം കയ്യിലുണ്ടെങ്കിലും തങ്ങളുടെ പണം അവർ ആഗ്രഹിക്കുന്ന സേവനമായി മാറ്റാൻ അവരുടെ ജാതി തടസമാകുന്നുവെന്നാണ് അംബേദ്കർ പറയാൻ ശ്രമിച്ചത്. മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ നേടാനുള്ള ക്രയശേഷി ഉണ്ടെങ്കിലും അത് ഉപയോഗിക്കാൻ കഴിയാത്തവിധം കീഴാളജാതികളെ എങ്ങനെയാണ് ജാതിവ്യവസ്ഥ നിയന്ത്രിക്കുന്നതെന്നാണ് അംബേദ്കർ വായനക്കാരുമായി പങ്കുവച്ചത്. സൈക്കിൾ ഓടിച്ചതിന്, ചെരുപ്പ് ഇട്ടതിന്, ബൈക്ക് ഓടിച്ചതിന്, നിറമുള്ള പുതുവസ്ത്രം ധരിച്ചതിന്, കുതിരപ്പുറത്ത് പുതുമണവാളൻ വന്നതിനൊക്കെ അധീശജാതികളാൽ കൊല്ലപ്പെടുന്ന അസ്പൃശ്യ ജാതികളുടെ പിൻതലമുറകൾ ഇന്നുമുണ്ടെന്നാണ് ഇന്ത്യയുടെ ക്രൈം റെക്കോർഡുകൾ സൂചിപ്പിക്കുന്നത്. സ്വന്തം കഴിവുകളെ വികസിപ്പിക്കാനും അതുവഴി മെച്ചപ്പെട്ട ഒരു ജീവിതം നേടാനും ഒരാൾക്ക് കഴിയുമ്പോഴേ അയാൾക്ക് വ്യക്തിഗതയിടം ഉണ്ടെന്ന് നമുക്ക് പറയാൻ കഴിയൂ. അത്തരമൊരു സാഹചര്യം ഇല്ലെങ്കിൽ അയാളുടെ വ്യക്തിഗത ഇടം ചുരുങ്ങിപ്പോകും.

അംബേദ്കർ ഈ പുസ്തകത്തിൽ സൂചിപ്പിക്കുന്ന മറ്റൊരു സംഭവം അമേരിക്കയിലെ പഠനശേഷം അദ്ദേഹം ബറോഡ രാജാവുമായുള്ള കരാർ പ്രകാരം രാജാവിന്റെ സർക്കാർ സർവ്വീസിൽ ഉദ്യോഗസ്ഥനായി പ്രവേശിക്കുന്ന സമയത്ത് നേരിട്ട ജാതിവിവേചനങ്ങളെ പറ്റിയാണ്. മഹർ ജാതിയിൽ പെട്ടയാളായതിനാൽ കൊട്ടാരത്തിൽ നിന്നും അംബേദ്കർക്ക് താമസിക്കാൻ വീടൊന്നും അനുവദിച്ചിരുന്നില്ല. മാത്രവുമല്ല അംബേദ്കറുടെ കീഴ്ജീവനക്കാർ ഓഫിസിലെ വെള്ളമെടുക്കാൻപോലും അദേഹത്തെ അനുവദിച്ചിരുന്നുമില്ല. ഫയലുകൾ വാതിലിന് പുറത്തുനിന്നും ഏതാണ്ട് എടുത്തെറിയുന്ന പോലാണ് അംബേദ്കർക്ക് നൽകിയിരുന്നത്. ഈ സാഹചര്യത്തിൽ, ബറോഡയിലെ പാഴ്സികളുടെ ഒരു സത്രത്തിൽ സ്വന്തം ജാതി മറച്ചുവെച്ചാണ് അംബേദ്കർ താമസം കണ്ടെത്തിയത്. എന്നാൽ ഏതാനും ദിവസത്തിനുള്ളിൽ തന്നെ ലോഡ്ജ് ഉടമ അംബേദ്കറുടെ ജാതി കണ്ടെത്തുകയും അന്ന് രാത്രിതന്നെ അവിടെനിന്നും പുറത്താക്കുകയും ചെയ്തു. അമേരിക്കയിൽ വെച്ച് പരിചയം ഉണ്ടായിരുന്ന ഒരു പാഴ്സി സുഹൃത്തിനോടും ഹിന്ദു സുഹൃത്തിനോടും ക്രിസ്ത്യൻ സുഹൃത്തിനോടും സഹായം ചോദിച്ചെങ്കിലും അതെല്ലാം നിരസിക്കപ്പെട്ടു. ഒടുവിൽ അന്ന് രാത്രി മുഴുവൻ ബറോഡ ടൌൺഹാളിനു മുൻപിലുള്ള പൊതുപാർക്കിലെ ബെഞ്ചിലിരുന്നു നേരം വെളുപ്പിച്ച അംബേദ്കർ പിറ്റേന്ന് രാവിലെ തന്നെ ബോംബെക്ക് തിരിച്ചുപോകുകയാണ് ഉണ്ടായത്. അന്നത്തെ കാലത്ത് ഏറ്റവും ഉയർന്ന വിദ്യാഭ്യാസ യോഗ്യതകൾ ഉള്ളവരിൽ ഏറ്റവും മുൻപിലുള്ള ഒരാളായിട്ടും കിടക്കാനുള്ള ഒരിടം പോലും അംബേദ്കർക്ക് ലഭിച്ചിരുന്നില്ല എന്നത് സൂചിപ്പിക്കുന്നത് ഒരാളുടെ വരുമാനമോ വിദ്യാഭ്യാസമോ ഉപയോഗിച്ച് മറികടക്കാൻ കഴിയുന്ന പ്രതിബന്ധമായിരുന്നില്ല അന്നത്തെ ക്കാലത്തെ ജാതി എന്നാണ്. അംബേദ്കർ എഴുതുന്നു "ഞാൻ ഒരുപാട് സ്വപ്നങ്ങളുമായിട്ടാണ്

 ISSN: 2582 - 2594

ബറോഡയിലേക്ക് വന്നത്". വെറും കയ്യോടെ മടങ്ങിയ അംബേദ്കർക്ക് ജീവൻ നഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ എത്രയോ കീഴാളജാതി വിദ്യാർത്ഥികൾക്ക് ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിൽ വെച്ച് ജീവൻ തന്നെ നഷ്ടപ്പെടുന്നു. അംബേദ്കർ അനുഭവിച്ച അതേ തിരസ്കാരത്തിന്റെ വേദനയും അപമാനവും സഹിച്ചുകൊണ്ട് എത്രയോ കുട്ടികൾ പാതിവഴിക്ക് പഠനം അവസാനിപ്പിച്ച് മടങ്ങുന്നു. രോഹിത് വെമൂല, പായൽ ടാദ്വി, ദർശൻ സോളങ്കി ഒക്കെ ആത്മഹത്യചെയ്ത നൂറുകണക്കിന് യുവാക്കളിൽ ചിലർ മാത്രം.

മറ്റൊരിക്കൽ അസ്പൃശ്യ ജാതിക്കാരുടെ ഒരു മീറ്റിങ്ങിൽ പങ്കെടുക്കാൻ ചെന്നപ്പോൾ അദ്ദേഹത്തെ ബഹുമാനിച്ച് ഒരു കുതിരവണ്ടിയിൽ സമ്മേളന സ്ഥലത്തേക്ക് കൊണ്ടുപോയി. എന്നാൽ പാതിവഴിക്ക് കുതിരവണ്ടി മറിഞ്ഞപ്പോൾ അംബേദ്കർ തലനാരിഴക്കാണ് മരണത്തിൽ നിന്നും രക്ഷപ്പെട്ടത്. പിന്നീടാണ് അംബേദ്കർ അറിഞ്ഞത് തനിക്കുവേണ്ടി കുതിരവണ്ടിയോടിക്കാൻ മേൽജാതിക്കാരനായ വണ്ടിക്കാരൻ തയ്യാറാകാതെ വന്നപ്പോൾ അംബേദ്കറുടെ അനുയായികളിൽ ഒരാൾ തന്നെയാണ് വണ്ടി ഓടിച്ചതെന്ന്. അയാൾക്ക് വണ്ടിയോടിക്കാൻ അറിയുമായിരുന്നില്ല. മറ്റൊരു സമയത്ത് മുസ്ലീമുകളുടെ പള്ളിയിൽ കയറി ടാങ്കിൽ നിന്നും വെള്ളമെടുത്തതിന് മുസ്ലീമുകൾ അംബേദ്കറേയും കൂട്ടുകാരെയും തല്ലാൻ നോക്കിയ ഒരു കാര്യം അദ്ദേഹം ഈ കുറിപ്പിൽ ഓർത്തെടുക്കുന്നു. തന്നെയും കൂട്ടരേയും ചീത്തപറയുകയും തല്ലാൻ നോക്കുകയും ചെയ്ത മുസ്ലീമുകളോട് അംബേദ്കർ ചോദിച്ചു: "ഞാനും എന്റെ കൂടെവന്നവരും ഇസ്ലാം സ്വീകരിച്ചാൽ അപ്പോഴും നിങ്ങൾ പറയുമോ ഈ പള്ളിയിലെ ടാങ്കിൽ നിന്നും ഞങ്ങൾ വെള്ളമെടുക്കരുതെന്ന്." അംബേദ്കറുടെ ഈ ചോദ്യം ആൾക്കൂട്ടത്തെ നിശബ്ദരും ചിന്താകുലരും ആക്കി. അംബേദ്കർ എഴുതുന്നു, "എന്റെ ജീവിതം കൊണ്ട് ഞാൻ അറിഞ്ഞത് ഹിന്ദുവിനെ സംബന്ധിച്ച് അസ്പൃശ്യനായ ഒരാൾ പാഴ്സിക്കും മുസ്ലീമിനും അസ്പൃശ്യൻ ആയിരിക്കും".

വിസയ്ക്കായി കാത്തിരിക്കുന്നു എന്ന കുറിപ്പിൽ അംബേദ്കർ ഗാന്ധിയുടെ യംഗ് ഇന്ത്യ എന്ന മാസികയിൽ വന്ന ഒരു വാർത്ത ഉദ്ധരിക്കുന്നുണ്ട്. അസ്പൃശ്യ ജാതിക്കാരനായ ഒരു സ്കൂൾ ടീച്ചർ തന്റെ ഭാര്യക്ക് അസുഖമായപ്പോൾ ഒരു മുന്നാക്ക ജാതിക്കാരനായ ഡോക്ടറുടെ അടുത്ത് ഭാര്യയെ കൊണ്ടുചെന്നു. അപ്പോൾ ഡോക്ടർ ഭാര്യയെ തെർമോമീറ്റർ വെച്ച് പരിശോധിക്കാൻ തയ്യാറായില്ല. കാരണം തെർമോമീറ്ററും ഡോക്ടറും അശുദ്ധമായിപ്പോകുമെന്ന് പറഞ്ഞാണ് ഡോക്ടർ ടീച്ചറുടെ ഭാര്യയെ വേണ്ടവിധം ചികിൽസിക്കാതിരുന്നത്. ഇതേ കുറിപ്പിൽ അംബേദ്കർ സർക്കാർ ജോലി കിട്ടിയ മറ്റൊരു അസ്പൃശ്യ ജാതിക്കാരന്റെ അനുഭവവും സൂചിപ്പിക്കുന്നുണ്ട്. ജോലിക്ക് ചെന്ന അയാൾക്ക് താമസമോ, ഭക്ഷണമോ കൊടുക്കാൻ ആരും തയ്യാറാകുന്നില്ല. അയാളോട് ആളുകൾ പറയുന്നത് "എടൊ നിന്റെ അച്ഛനും സഹോദരന്മാരും എല്ലാം ഇവിടുത്തെ തൂപ്പുകാരായിരുന്നു. അവർ ഞങ്ങളുടെ ഓഫീസുകൾ തൂത്ത് വൃത്തിയാക്കി. ഇപ്പോൾ നീ ഞങ്ങൾക്കൊപ്പം ഇരിക്കാൻ വന്നിരിക്കുന്നോ. ജീവൻ വേണമെങ്കിൽ ജോലി ഉപേക്ഷിച്ച് പൊയ്ക്കോ" എന്നാണ്. കസേരയിൽ ഇരുന്ന അയാളെ ആൾക്കൂട്ടം വളയുകയും തല്ലുകയും ചെയ്യുന്നു. ഒടുവിൽ ജോലി ഉപേക്ഷിച്ച് അയാൾ പോകുകയാണ്. ചരിത്രത്തിലേക്ക് നോക്കിയാൽ ജീവൻ വേണമെങ്കിൽ ജോലി ഉപേക്ഷിച്ച് പൊയ്ക്കോ എന്ന് പറയുന്ന സന്ദർഭങ്ങൾ നിരവധി കാണാവുന്നതാണ്. വർണ്ണവെറിയുടെ കാലത്ത് മഹാത്മാ ഗാന്ധി സൗത്ത് ആഫ്രി

ക്കയിൽ കഴിഞ്ഞകാലത്ത് പീറ്റേഴ്സ് മാരിബർഗ് റെയിൽവേ സ്റ്റേഷനിൽവെച്ച് ഗാന്ധിജിയെ ട്രെയിനിന്റെ ഫസ്റ്റ് ക്ലാസ് കമ്പാർട്ട്മെന്റിൽ നിന്നും വെള്ളക്കാരനായ ടിക്കറ്റ് എക്സാമിനർ പുറത്താക്കിയ നിമിഷം നമ്മൾ മറന്നുപോകാൻ പാടില്ല. ഇന്ത്യൻ ജാതി മൂല്യബോധത്തിൽ അതിന്റെ അധികാരവ്യവസ്ഥയ്ക്കുള്ളിൽ ആരും തൊടാൻ പാടില്ലാത്ത ഒരു വിശുദ്ധ ജാതിശരീരമായിരുന്ന മഹാത്മാഗാന്ധി എന്നാൽ സൗത്ത് ആഫ്രിക്കയിലെ വർണ്ണവെറിയുടെ മൂല്യബോധത്തിൽ അധികാരവ്യവസ്ഥയ്ക്കുള്ളിൽ നിന്നും ചവിട്ടി പുറത്താക്കേണ്ട ഒരശുദ്ധശരീരമായി ഗാന്ധി മാറുകയാണ്. ഇതിന്റെ മറുപുറമാണ് അമേരിക്കയിൽ എത്തിയ അംബേദ്കർ അനുഭവിച്ചത്. അസ്പൃശ്യശരീരമായി വർഷങ്ങൾ ജീവിച്ച അംബേദ്കറെ സംബന്ധിച്ച് ജീവിതത്തിൽ ആദ്യമായി താനൊരു മനുഷ്യനാണെന്ന് അദ്ദേഹത്തിന് തോന്നിയത് അമേരിക്കയിൽ എത്തിയപ്പോഴാണ്.

ഒരാളുടെ ജാതിയോ മതമോ നിറമോ ലിംഗമോ ലൈംഗികതയൊ രാഷ്ട്രീയമോ ഒന്നും പരിഗണിക്കാതെ മനുഷ്യകുലത്തിലെ ഒരംഗമെന്ന നിലയിൽ എല്ലാത്തരത്തിലുമുള്ള വിവേചനങ്ങളിൽ നിന്നും അയാൾ വിമോചിതനാകുന്ന സാമൂഹ്യാവസ്ഥയിലാണ് ഒരാൾക്ക് ഉപാധിരഹിതമായ വ്യക്തിഗത ഇടം ഉണ്ടാകുന്നത്. ഒരാളുടെ സ്വകാര്യതയെ തടസപ്പെടുത്തുന്ന തരത്തിൽ മറ്റുള്ളവർ അവരുടെ അടുത്തേക്ക് വരുന്നതിനെ തടയാനുള്ള അവസരം എന്നതിനപ്പുറം സമൂഹത്തിലെ തുല്യാവകാശങ്ങളുള്ള പൗരനെന്ന നിലയിൽ സമൂഹത്തിൽ ലഭ്യമായ സാമ്പത്തികവും സാമൂഹ്യവും രാഷ്ട്രീയവുമായ അവസരങ്ങൾ ഉപയോഗപ്പെടുത്താനുള്ള അവകാശത്തേയും പ്രാപ്തിയേയുമാണ് വ്യക്തിഗത ഇടമെന്ന ആശയം ഉൾക്കൊള്ളുന്നത്. അംബേദ്കർ സ്കൂളിൽ കീറചാക്കിലിരുന്ന പഠിച്ചപ്പോൾ, സ്കൂളിലെ കുടിവെള്ളം കുടിക്കാനാകാതെ ദാഹിച്ചു വലഞ്ഞപ്പോൾ, അംബേദ്കർക്ക് വേണ്ടി കുതിരവണ്ടിയും കാളവണ്ടിയും ഓടിക്കാൻ പറ്റില്ലെന്ന് ആളുകൾ പറഞ്ഞപ്പോൾ, ബറോഡയിലെ ഓഫിസിൽ വെച്ച് പിയൂൺമാർ ഫയലുകൾ അദ്ദേഹത്തിന്റെ മേശപ്പുറത്തേക്ക് വലിച്ചെറിഞ്ഞപ്പോൾ, പാഴ്സി ലോഡ്ജിൽ നിന്നും ഇറക്കിവിട്ടപ്പോൾ, സുഹൃത്തുക്കളായ ആളുകൾ അദ്ദേഹത്തിന് താമസസൗകര്യം നിഷേധിച്ചപ്പോൾ, ജാതിപീഡനം സഹിക്കാതെ ജോലികൾ ഉപേക്ഷിച്ചപ്പോളൊക്കെ അംബേദ്കർ വ്യക്തിഗതയിടം ഇല്ലാത്ത ഒരാളായിരുന്നു. അധികാരപ്രയോഗത്തിനകത്ത് അതിനെ എതിർക്കുന്ന ഒരു സാധ്യതകൂടി ഉണ്ടെന്ന ഫൂക്കോയുടെ നിരീക്ഷണം അംബേദ്കറുടെ പിൽക്കാല രാഷ്ട്രീയ നിലപാടുകളിൽ കാണാവുന്നതാണ്. ജാതി നിർമൂലനത്തിനായി ശ്രമിച്ച അംബേദ്കർ ഒടുവിൽ ബുദ്ധമതത്തിലേക്കും ഭരണഘടനയിലേക്കുമാണ് മാറിയത്. ഭരണഘടനയിലൂടെ പൗരാവകാശങ്ങളും വ്യക്തിഗത ഇടങ്ങളും വ്യക്തിയുടെ Personhood ഉം ഉറപ്പിക്കാനുള്ള ശ്രമമാണ് അംബേദ്കർ നടത്തിയത്. വ്യക്തിഗത ഇടവും നിയമവാഴ്ചയും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് ഇന്ത്യൻ ഭരണഘടന ഉറപ്പിക്കുന്നത്. അർത്ഥപൂർണ്ണമായ അത്തരമൊരു വ്യക്തിഗത ഇടത്തെയാണ് personhood ലേക്കുള്ള വിസയായി അംബേദ്കർ വിഭാവനം ചെയതത്. വ്യക്തിഗത ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള ഒരു വീടുണ്ടായിരിക്കുക, ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള തൊഴിലും വരുമാനവും ഉണ്ടായിരിക്കുക, സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക വിനിമയങ്ങളിൽ ഏർപ്പെടാനുള്ള സ്വാതന്ത്ര്യങ്ങൾ ഉണ്ടാവുക, ഇത്തരം സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അവ പുനഃസ്ഥാപിച്ചു കിട്ടുന്ന ഒരു നിയമവാഴ്ചയുണ്ടാവുക തുടങ്ങിയവയാണ് വ്യക്തിഗതയിടത്തെ


ISSN: 2582 - 2594

വികസിപ്പിക്കുന്നതും മനുഷ്യർക്ക് personhood ഉറപ്പിക്കുന്നതും എന്നാണ് അംബേദ്കർ വിസയ്ക്കായി കാത്തിരിക്കുന്നു എന്ന കൃതിയിൽ പറഞ്ഞുവെയ്ക്കുന്നത്. വ്യക്തിഗതയിടമെന്ന ആശയത്തെ നിയമപരവും പ്രായോഗികവുമായ ഒരു സാധ്യതയുടെ തലത്തിലേക്ക് ഉയർത്തുകയാണ് ഇന്ത്യൻ ഭരണഘടനയിൽ അംബേദ്കർ ചെയ്തത്. അയിത്തത്തെ മുന്നാക്കജാതിക്കാരുടെ മാനസികപരിവർത്തനത്തിലൂടെ മറികടക്കാൻ കഴിയുന്ന ഒന്നായി ഗാന്ധി കരുതിയപ്പോൾ അതിനെ രാഷ്ട്രീയമായി ഭരണകൂടം അവസാനിപ്പിക്കേണ്ട കുറ്റകൃത്യമായാണ് അംബേദ്കർ കണ്ടത്. ഇവിടെയാണ് ഇന്ത്യൻ ഭരണഘടനയിലുള്ള തുല്യത, സംവരണം, ജീവിക്കാനുള്ള അവകാശം, അസ്പൃശ്യതയുടെ നിർമ്മാർജ്ജനം തുടങ്ങിയ ആശയങ്ങൾ മനുഷ്യരുടെ വ്യക്തിഗത ഇടങ്ങളെ വികസിപ്പിക്കുന്നവയായി മാറുന്നത്.

**ഉപസംഹാരം**

ഒരാൾ സ്ത്രീയായി ജനിക്കുകയല്ല മറിച്ച് സ്ത്രീയായിത്തീരുകയാണ് എന്ന് സിമോൺ ബൂവേ പറയുമ്പോൾ, ഒരു പ്രത്യേക രാഷ്ട്രീയ സാമൂഹ്യ അധികാരവ്യവസ്ഥയ്ക്ക് അകത്ത് മാത്രമാണ് ജാതി, ലിംഗം, ഭ്രാന്ത് ഒക്കെ നിലനിൽക്കുന്നത് എന്നാണ് ഫൂക്കോ പറയാൻ ശ്രമിച്ചത്. ബൂവേയെയും ഫൂക്കോയെയും ചേർത്ത് വെച്ചാൽ നമുക്ക് കിട്ടുക ഒരു പ്രത്യേക രാഷ്ട്രീയ സാമൂഹ്യ അധികാര വ്യവസ്ഥയ്ക്കുള്ളിലാണ് ഒരാൾ സ്ത്രീയോ പുരുഷനോ ആകുന്നത്. അതുപോലെ തന്നെ ഒരു പ്രത്യേക മൂല്യവ്യവസ്ഥയ്ക്ക് ഉള്ളിലാണ് ഒരാൾ ഒരു പ്രത്യേക ജാതി ശരീരമായി മാറുന്നത്. അസ്പൃശ്യത എന്നത് ഒരാളുടെ ജനിതകമായ ഒന്നല്ലെന്നും അത് ജാതിവ്യവസ്ഥയുടെ സവിശേഷമായ കളിനിയമങ്ങൾക്കകത്ത് മാത്രം ഉണ്ടാകുന്ന ഒന്നാണെന്ന നിലപാടാണ് അംബേദ്കർ പുലർത്തിയത്. പാപപുണ്യങ്ങളുടെ അച്ചുതണ്ടിൽ ഉറപ്പിച്ച കർമ്മ സിദ്ധാന്തം പക്ഷെ അസ്പൃശ്യതയെ വ്യക്തി കടന്നുപോകേണ്ട അനിവാര്യതയായിട്ടാണ് കരുതിയത്. കർമ്മപാശത്തിലൂടെ കടന്നുപോകുന്ന ആളുകൾക്ക് വർണ്ണ നിയമങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് ഒടുവിൽ ബ്രഹ്മത്തിൽ എത്താമെന്ന സനാതന സിദ്ധാന്തം വർണ്ണ വ്യവസ്ഥയ്ക്ക് വെളിയിലുള്ള അസ്പൃശ്യജാതികൾക്ക് ഭാവനയിൽപോലും വിമോചനം നൽകുന്നില്ല എന്നതാണ് സത്യം. ഒരാൾ ഒരു പ്രത്യേക അധികാരവ്യവസ്ഥയ്ക്ക് അകത്താണ് അസ്പൃശ്യനാകുന്നതെന്ന താത്വിക ബോധത്തിൽ നിന്നാണ് അംബേദ്കർ സ്വാതന്ത്ര്യത്തിലും സമത്വത്തിലും സാഹോദര്യത്തിലുമുള്ള പൗരത്വത്തിൽ ഇന്ത്യയുടെ ദേശഭാവനയെ ഇന്ത്യൻ ഭരണഘടനയിൽ ഉറപ്പിച്ചിട്ടുള്ളത്. വർത്തമാന ഇന്ത്യയിൽ എങ്ങനെയാണ് ആളുകളെ മതപരമായും ജാതീയമായും വിഘടിപ്പിക്കുന്നതെന്ന് സൂക്ഷിച്ചുനോക്കിയാൽ വ്യക്തിഗത ഇടമെന്ന ആശയം എത്രമേൽ പ്രാധാന്യമുള്ള ഒന്നാണെന്ന് കാണാം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സെക്കുലർ വിവാഹങ്ങൾക്കായി ആളുകൾ കേരളത്തെ തിരഞ്ഞെടുക്കുന്നു എന്നത് സൂചിപ്പിക്കുന്നത് മറ്റ് സംസ്ഥാനങ്ങളെയപേക്ഷിച്ച് കേരളത്തിൽ വ്യക്തിഗത ഇടം ഉണ്ടെന്നുള്ളതാണ്. വ്യക്തിഗതമായ ഇടമില്ലെങ്കിൽ അത് വ്യക്തിയുടെ അന്തസ്സിനെ ഇല്ലാതാക്കും . അതുവഴി മനുഷ്യാവകാശങ്ങളുള്ള ഒരാളായി മാറാനുള്ള ആ വ്യക്തിയുടെ സാധ്യതകളെ കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യും. ആളുകൾക്ക് വ്യക്തിഗത ഇടമുണ്ടാവുകയെന്നത് വ്യക്തിയുടെ ആവശ്യം മാത്രമല്ല സമൂഹത്തിന്റെ ഉത്തരവാദിത്തം കൂടിയാണ്.

## ആധാരസൂചി


1. Jadhav, N. (2015). Ambedkar: An economist extraordinaire. Konark Publishers.
2. Gandhi, M. K. (2003). The story of my experiments with truth (M. Desai, Trans.). Dover Publications. (Original work published 1927)
3. Foucault, M. (1982). The subject and power. Critical Inquiry, 8(4), 777–795. https://doi.org/10.1086/448181
4. de Beauvoir, S. (2011). The second sex (C. Borde & S. Malovany-Chevallier, Trans.). Vintage Books. (Original work published 1949)
5. Yusufji, S. (Ed.). (2017). Ambedkar: The Attendant Details. Navayana Publishing
6. Rousseau, J.-J. (2012). The social contract (C. Betts, Trans.). Oxford University Press. (Original work published 1762)
7. Hobbes, T. (1996). Leviathan (R. Tuck, Ed.). Cambridge University Press. (Original work published 1651)
8. Sen, A. (1999). Development as freedom. Oxford University Press.
9. Gandhi, M. K. (1917). The ideal bhangi. In Harijan. Navajivan Publishing House.
10. Gopal, A. Y. (2020). A part apart: The life and thought of B. R. Ambedkar. Navayana Publishing.


 ISSN: 2582 - 2594